2026
ജനുവരി
LK/2018/15088

# ലിറ്റിൽ ന്യൂസ്

ഗവ: ഹൈസ്കൂൾ കുറുമ്പാല

https://schoolwiki.in/150885

MUNDAKKUTTY PO, KUPPADITHARA, WAYANAD, 670645, PH:04936 273578 littlekites15088@gmail.com

## കുറുമ്പാലയുടെ മികവ് ഇനി ആഗോള വേദിയിൽ!

# അഭിമാന നിമിഷം!




## കുറുമ്പാല ഗവ.ഹൈസ്കൂൾ കൈറ്റ് ഹരിതവിദ്യാലയം റിയാലിറ്റി ഷോയിൽ മാറ്റുരച്ചു.

തിരുവനന്തപുരം: കേരളീയ പൊതുവിദ്യാഭ്യാസത്തിന്റെ ഉന്നത നിലവാരവും മാതൃകകളും ആഗോള ശ്രദ്ധയിലേക്ക് എത്തിക്കുന്ന കൈറ്റ് വിക്ടേഴ്സ് 'ഹരിതവിദ്യാലയം' റിയാലിറ്റി ഷോയുടെ നാലാം സീസണിൽ, തങ്ങളുടെ തനിമയാർന്ന മികവുകളുമായി കുറുമ്പാല ഹൈസ്കൂൾ ചരിത്രപ്രവേശം നടത്തി. വിദ്യാലയത്തിന്റെ സർവ്വതോന്മുഖമായ മുന്നേറ്റം ലോകത്തിന് മുന്നിൽ വിളിച്ചോതുന്നതായിരുന്നു കുറുമ്പാലയുടെ ഈ ശ്രദ്ധേയമായ സാന്നിധ്യം.

**കൈറ്റ് വിക്ടേഴ്സ് ചാനലിൽ**

**2026 ഫെബ്രുവരി 11**
**വൈകിട്ട് 8 മണി**

തത്സമയം കാണുവാൻ
മൊബൈൽ ആപ്പ് KITE VICTERS
victers.kite.kerala.gov.in
youtube.com/itsvicters

# ഹരിത ഭംഗിയിൽ കുറുമ്പാല



തിരുവനന്തപുരം കൈറ്റ് വിക്ടേഴ്സ് സ്റ്റുഡിയോയിൽ നടന്ന ചടങ്ങിൽ സ്കൂൾ പ്രതിനിധികൾ പങ്കെടുത്തു. അത്യാധുനിക സംവിധാനങ്ങളുള്ള സ്റ്റുഡിയോ ഫ്ലോറിൽ സ്കൂളിന്റെ അക്കാദമിക് മികവുകളും,ഭൗതിക സാഹചര്യങ്ങളും,ഐ.ടിഅധിഷ്ഠിത പഠനരീതികളും,കുട്ടികളുടെ പഠനനിലവാരം ഉയർത്താൻ നടത്തുന്ന നൂതന പദ്ധതികൾ,സ്കൂളിലെ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ, കൃഷിരീതികൾ തുടങ്ങിയ കാര്യങ്ങൾ വിദ്യാർത്ഥികളും അധ്യാപകരും പങ്ക് വെച്ചു.കേരളത്തിലെ ആയിരക്കണക്കിന് സ്കൂളുകളിൽ നിന്നും പ്രാഥമിക പരിശോധനകൾക്ക് ശേഷം തിരഞ്ഞെടുക്കപ്പെട്ട ചുരുക്കം സ്കൂളുകളിൽ ഒന്നാകാൻ കഴിഞ്ഞത് കുറുമ്പാല ഹൈസ്കൂളിന് വലിയ നേട്ടമായി. ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ്, അധ്യാപകരായ ഹാരിസ് കെ,അനില എസ്,പിടിഎ പ്രതിനിധി ശ്രീനിവാസൻ,വിദ്യാർത്ഥി പ്രതിനിധികളായ റിസ്‌വാന ഷെറിൻ (10എ), ഫാത്തിമ ഫിദ വി (10എ), ഫാത്തിമ ഫിദ കെ (10എ),മുഹമ്മദ് അൽത്താഫ് (10എ),ഷിഫാന ഷെറിൻ (9എ), മുഹമ്മദ് റിജാസ് (9എ), കീർത്തന എൻ പി (8എ), നിവേദ് കെ എസ് (6എ)എന്നിവരടങ്ങുന്ന ടീമാണ് 2026 ജനവരി 5 ന് തിരുവനന്തപുരത്ത് നടന്ന ഷൂട്ടിംഗിൽ വിദ്യാലയത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തത്.വിദ്യാഭ്യാസ വിചക്ഷണരടങ്ങുന്ന വിധിനിർണ്ണയ സമിതി സ്കൂളിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. 2026 ഫെബ്രുവരി 11 വൈകിട്ട് 8 മണിക്ക് കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ ഈ എപ്പിസോഡ് സംപ്രേഷണംചെയ്യും. സ്കൂളിന്റെ ഈ വലിയ നേട്ടത്തിൻെറ ആഹ്ലാദത്തിലാണ് കുട്ടികളും, അധ്യാപകരും,രക്ഷിതാക്കളും,പി.ടി.എയും, നാട്ടുകാരുമെല്ലാം.



ഹരിതവിദ്യാലയം' റിയാലിറ്റി ഷോയിലെ മികവ്

# KITE-ഉന്നത തല സംഘം കുറുമ്പാലയിൽ



കുപ്പാടിത്തറ: കൈറ്റ് സംഘടിപ്പിക്കുന്ന ഹരിത വിദ്യാലയം റിയാലിറ്റി ഷോയുടെ ഭാഗമായി തിരുവനന്തപുരത്ത് നിന്നുള്ള കൈറ്റിലെ ഉന്നത തല സംഘം കുറുമ്പാല ഗവ.ഹൈസ്കൾസന്ദർശിച്ചു.

സംസ്ഥാനത്തെ എണ്ണൂറ്റി അമ്പതിലേറെ വിദ്യാലയങ്ങൾ മത്സരിച്ച പ്രാഥമിക ഘട്ടത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട എമ്പത്തിഅഞ്ച് സ്കൂളുകളിലൊന്നാണ് ജി.എച്ച്.എസ് കുറുമ്പാല.റിയാലിറ്റി ഷോയുടെ ഭാഗമായി നടന്ന ഫ്ലോർ ഷൂട്ടിൽ സ്കൾ പ്രതിനിധികൾ പങ്കെടുത്തിരുന്നു. ഇതിന്റെ തുടർച്ചയായാണ് പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്താൻ സംഘം വിദ്യാലയത്തിലെത്തിയത്. സ്കൂളിലെ പ്രവർത്തനങ്ങളിൽ പൂർണ്ണ സംതൃപ്തി രേഖപ്പെടുത്തിയ സംഘം വിദ്യാർത്ഥികളെയും, അധ്യാപകരെയും,രക്ഷിതാക്കളെയും പ്രത്യേകം അഭിനന്ദിച്ചു.

# ഇമെയിൽ വിലാസമൊരുക്കി ലിറ്റിൽ കൈറ്റ്സ്





കുപ്പാടിത്തറ: കുറുമ്പാല ഗവ. ഹൈസ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിലെ മുഴുവൻ കുട്ടികൾക്കും ഇ മെയിൽ വിലാസം ഒരുക്കി വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്. യൂണിറ്റിന്റെ തനത് പ്രവർത്തനത്തിന്റെ ഭാഗമായി നടത്തിയ പരിപാടിക്ക് 2023-26 ബാച്ച് അംഗങ്ങൾ നേതൃത്വം നൽകി.

# അനന്തപുരിയിലേക്കൊരു ഹരിത യാത്ര



തിരുവനന്തപുരം: വയനാടിന്റെ മണ്ണിൽ നിന്ന് അറിവിന്റെയും അനുഭവങ്ങളുടെയും പുത്തൻ പാഠങ്ങൾ തേടി കുറുമ്പാല ഹൈസ്കൂൾ സംഘം തലസ്ഥാന നഗരിയിൽ എത്തി. കൈറ്റ് വിക്ടേഴ്സ് സംഘടിപ്പിക്കുന്ന 'ഹരിതവിദ്യാലയം' വിദ്യാഭ്യാസ റിയാലിറ്റി ഷോയിൽ പങ്കെടുക്കാനായി നടത്തിയ ഈ യാത്ര വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഒരു പോലെ മറക്കാനാവാത്ത അനുഭവമായി മാറി.വയനാട്ടിൽ നിന്ന് ബസ് മാർഗ്ഗം കോഴിക്കോട്ടേക്ക് എത്തിയ സംഘം അവിടെ നിന്ന് ട്രെയിൻ വഴിയാണ് തിരുവനന്തപുരത്ത് എത്തിയത്.നീണ്ട യാത്രയ്ക്ക് ശേഷം നഗരത്തിലെ പി.ഡബ്ല്യു.ഡി ഗസ്റ്റ് ഹൗസിൽ വിശ്രമം. തുടർന്ന് തലസ്ഥാനത്തെ ചരിത്രപ്രധാനമായ ഇടങ്ങളിലേക്കായിരുന്നു യാത്ര. കേരളത്തിന്റെ ജനാധിപത്യ സിരാകേന്ദ്രമായ നിയമസഭാ മന്ദിരം സന്ദർശിക്കാനുള്ള അവസരം കുട്ടികൾക്ക് ലഭിച്ചു.

സ്പീക്കറുടെ ഓഫീസ് സന്ദർശിച്ചതും നിയമസഭാ മ്യൂസിയത്തിലെ ചരിത്രരേഖകൾ കണ്ടറിഞ്ഞതും കുട്ടികളിൽ വലിയ കൗതുകമുണർത്തി.പാഠപുസ്തകങ്ങളിൽ മാത്രം കണ്ടുപരിചയിച്ച ജനാധിപത്യ പ്രക്രിയയെ നേരിട്ട് മനസ്സിലാക്കാൻ ഈ സന്ദർശനം സഹായിച്ചു. ഉച്ചയ്ക്ക് ശേഷമാണ് യാത്രയുടെ പ്രധാന ലക്ഷ്യമായ കൈറ്റ് വിക്ടേഴ്സ് സ്റ്റുഡിയോയിലേക്ക്ടീം കുറുമ്പാല എത്തിയത്. 'ഹരിതവിദ്യാലയം' റിയാലിറ്റിഷോയുടെ നാലോ സീസണിൽ സ്കൂളിന്റെ മികവുകൾ അവതരിപ്പിക്കുമ്പോൾ അധ്യാപകരും വിദ്യാർത്ഥികളും ഒരേ പോലെ ആവേശത്തിലായിരുന്നു.അത്യാധുനികമായ ക്യാമറകൾക്കും ലൈറ്റുകൾക്കും മുന്നിൽ പതറാതെ,തങ്ങളുടെ സ്കൂളിന്റെ മികവിനെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചും സംസാരിച്ചു.സ്റ്റുഡിയോയിലെ തിരക്കുകൾക്കും ചിത്രീകരണത്തിനും ശേഷം രാത്രിയോടെ ബസ് മാർഗ്ഗം വയനാട്ടിലേക്ക് തിരിച്ചു. തലസ്ഥാന നഗരി കണ്ട ആവേശവും വലിയൊരു റിയാലിറ്റി ഷോയിൽ പങ്കെടുത്ത സംതൃപ്തിയുമായാണ് ടീം കുറുമ്പാവ മടങ്ങിയത്.





# ലിറ്റിൽ കൈറ്റ്സ് ജില്ലാ ക്യാമ്പ് ഇത്തവണ മൂന്ന് പേർക്ക് സെലക്ഷൻ




കുപ്പാടിത്തറ: അഭിമാന നേട്ടത്തോടെ കുറുമ്പാല ഗവ. ഹൈസ്കൂളിലെ കൈറ്റ്സ് യൂണിറ്റ്. 2025-26 വർഷത്തെ ലിറ്റിൽ കൈറ്റ്സ് വൈത്തിരി സബ് ജില്ലാ ക്യാമ്പിൽ നിന്ന് വിദ്യാലയത്തിലെ ഷിഫാന ഷെറിൻ (പ്രോഗ്രാമിംഗ്),മുഹമ്മദ് റിജാസ്, അഫ്സില പി എം (അനിമേഷൻ)എന്നീ മൂന്ന് പേർക്കാണ് ജില്ലാ ക്യാമ്പിലേയ്ക്ക് സെലക്ഷൻ ലഭിച്ചത്.മുൻ വർഷങ്ങളിലും ജില്ല- സംസ്ഥാന തല ക്യാമ്പുകളിൽ നമ്മുടെ കുട്ടികൾക്ക് സെലക്ഷൻ ലഭിച്ചിട്ടുണ്ട്.തുടർച്ചയായി മികവ് പുലർത്തി ജില്ലയിലെ മികച്ച യൂണിറ്റായി ശ്രദ്ധേയമായ പ്രവർത്തനം കാഴ്ച്ചവെക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനെ സ്കൂൾ സ്റ്റാഫ് & പിടിഎ അഭിനന്ദിച്ചു. 2025 ഡിസംബർ 29,30 തിയ്യതികളിലായി പനമരം കൈറ്റിൽ വെച്ച് നടന്ന സബ് ജില്ലാ ക്യാമ്പിൽ അനിമേഷൻ വിഭാഗത്തിൽ മുഹമ്മദ് റിജാസ്, ഹഫ്സില പി എം,മുസമ്മിൽ എന്നിവരും പ്രോഗ്രാമിംഗ് വിഭാഗത്തിൽ ഷിഫാന ഷെറിൻ, ഫരീദ, മുഹമ്മദ് നബീൽ എന്നിവരും പങ്കെടുത്തു.




## രക്ഷിതാക്കളുടെ യോഗം

കുപ്പാടിത്തറ:കുറുമ്പാല ഗവ.ഹൈസ്കൂളിലെ പ്രീപ്രൈമറി,എൽ പി ,യു പി, ഹൈസ്കൂൾ എന്നീ വിഭാഗങ്ങളിലെ കുട്ടികളുടെ രക്ഷിതാക്കളുടെ യോഗം വിവിധ ദിവസങ്ങളിലായി ചേർന്നു.യോഗത്തിൽ ഹരിത വിദ്യാലയം റിയാലിറ്റി പ്രവേശനം, യൂണിഫോം മാറ്റം,വാർഷികാഘോഷം,പരീക്ഷാ അവലോകനം തുടങ്ങിയവ ചർച്ച ചെയതു.

## റോബോട്ടിക് ശില്പശാല

കുപ്പാടിത്തറ: പത്താം ക്ലാസിലെ റോബോട്ടിക്സ് പാഠഭാഗവുമായി ബന്ധപ്പെട്ട് വിദ്യാലയത്തിലെപത്താം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും റോബോട്ടിക് പരിശീലനം നൽകി. 12-1-2026 ന് നടത്തിയ ശില്പശാലയിൽ ബ്ലിങ്കിംഗ് ലൈറ്റ്, ഓട്ടോമാറ്റിക് സാനിറ്റൈസർ തുടങ്ങിയവ പരിശീലിച്ചു.ക്ലാസിന് ഒമ്പതാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾനേതൃത്വംനൽകി.

## യൂണിറ്റ് സന്ദർശിച്ചു

കുപ്പാടിത്തറ:കുറുമ്പാല ഗവ.ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൻെറ പ്രവർത്തനങ്ങൾ,കുട്ടികളുടെ അസൈൻമെൻറ് തുടങ്ങിയവ വിലയിരുത്തുന്നതിനായി വയനാട് കൈറ്റിലെ മാസ്റ്റർ ട്രൈനർമാരായ പ്രിയ ഇ വി,ജിൻഷ തോമസ് എന്നിവർ വിദ്യാലയം സന്ദർശിച്ചു. ക്ലബ്ബിൻെറ പ്രവർത്തനങ്ങളിൽ പൂർണ്ണ സംതൃപ്തി രേഖപ്പെടുത്തുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു.

## പിറന്നാളിനൊരു പൂച്ചെടി



വാർത്തകൾ തയ്യാറാക്കിയത്: ഷിഫാന ഷെറിൻ,അഫ്സില,നിത ഫാത്തിമ